കേരള സർക്കാർ

ഭരണഭാഷ – മാതൃഭാഷ

DFTVM/2128/2021 - F3

ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാറുടെ/ഫിഷറീസ് ഡയറക്ടറുടെ കാര്യാലയം ,
തിരുവനന്തപുരം.
തീയതി:28-07-2025
ഇ-മെയിൽ:fisheriesdirector@gmail.com

## സർക്കുലർ നമ്പർ 08/2025

വിഷയം :- ഫിഷറീസ്- സഹകരണം - സമാപ്തീകരണത്തിലുള്ള സഹകരണ സംഘങ്ങളിലെ ലിക്വിഡേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നത് - സംബന്ധിച്ച്.

പരാമർശം:- ജൂൺ 2024 ൽ നിലവിൽ വന്ന സംസ്ഥാന സഹകരണ (ഭേദഗതി) നിയമം 2023 (Act 9 of 2024) വകുപ്പ് 73 (2A).

************

മേൽ പരാമർശ പ്രകാരം സഹകരണ സംഘങ്ങളുടെ സമാപ്തീകരണം പൂർത്തീകരിക്കുന്നതിനുള്ള കാലയളവ് ലിക്വിഡേറ്ററെ നിയമിച്ച തീയതി മുതൽ "മൂന്ന്" വർഷം എന്നതിനു പകരം "രണ്ട്" വർഷമായി ഭേദഗതി ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 1969 ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 72 - ന്റെ ഒന്നാം ഉപവകുപ്പ് പ്രകാരം ലിക്വിഡേറ്ററെ നിയമിച്ച തീയതി മുതൽ രണ്ട് വർഷക്കാലയളവിനുള്ളിൽ സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കാൻ കഴിയാത്ത പക്ഷം (ചട്ടം 69 ഉപചട്ടം (12)) ലിക്വിഡേറ്റർ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്നതിന് അദ്ദേഹത്തിനെ തടസ്സപ്പെടുത്തുന്ന നടപടികളിലെ തടസ്സങ്ങൾ വിവരിച്ചുകൊണ്ട് രജിസ്ട്രാർ മുഖേന ഒരു റിപ്പോർട്ട് സമർപ്പിക്കേണ്ടതും അങ്ങനെയുള്ള സംഗതികളിൽ നിർണ്ണയിക്കപ്പെടുന്ന പ്രകാരം സർക്കാർ നിശ്ചയിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ സർക്കാരിന്റെ അംഗീകാരത്തോടുകൂടി അന്തിമ ഉത്തരവ് പുറപ്പെടുവിക്കേണ്ടതുമാണ്. എന്നാൽ യാതൊരു കാരണവശാലും അത്തരം ദീർഘിപ്പിക്കൽ ഒരു വർഷകാലയളവ് അധികരിക്കാൻ പാടില്ലാത്തതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേരള സഹകരണ ചട്ടത്തിലെ മേൽ നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പാലിക്കുന്നതായി കാണുന്നില്ല. ആയതിനാൽ സമാപ്തീകരണത്തിലായ ഫിഷറീസ് സഹകരണ സംഘങ്ങളുടെ സമാപ്തീകരണ നടപടികൾ പൂർത്തിയാക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചുവടെ ചേർക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സമാപ്തീകരണത്തിന് ഉത്തരവായ സഹകരണ സംഘങ്ങളുടെ നടപടികൾ രണ്ട് വർഷത്തിനകം പൂർത്തീയാക്കേണ്ടതാണ്.
2. പ്രസ്തുത ഭേദഗതിക്ക് മുൻകാല പ്രാബല്യം ഇല്ലാത്തതിനാൽ ഭേദഗതിക്ക് മുൻപുള്ള ഉത്തരവുകൾ



e No. DFTVM/2765/2025-F3 (Computer No. 90707)

പൂർത്തീകരിക്കുന്നതിനുള്ള കാലയളവ് മൂന്ന് വർഷവും ഭേദഗതിക്ക് ശേഷമുള്ള ഉത്തരവുകൾ പൂർത്തീകരിക്കുന്നതിനുള്ള കാലയളവ് രണ്ട് വർഷവുമാണ്.

3. ലിക്വിഡേറ്ററുടെ നിയന്ത്രണാതീതമായ കാരണങ്ങൾ കൊണ്ട് മേൽ പ്രസ്താവിച്ച കാലാവധിക്കുള്ളിൽ ലിക്വിഡേഷൻ നടപടികൾ പൂർത്തിയാക്കുന്നതിന് കഴിയാത്ത സാഹചര്യമുണ്ടായാൽ ലിക്വിഡേറ്ററുടെ കാലാവധി ദീർഘിപ്പിക്കുന്നതിന് ഫിഷറീസ് ജോയിന്റ് ഡയറക്ടർ/ മേഖല രജിസ്ട്രാർ മുഖാന്തിരം ഫിഷറീസ് സഹകരണ സംഘം രജിസ്ട്രാർക്ക് / ഫിഷറീസ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.
4. ടി അപേക്ഷയോടൊപ്പം ലിക്വിഡേറ്ററുടെ തീരുമാനം, ലിക്വിഡേറ്ററെ നിയമിച്ച ഉത്തരവിന്റെ പകർപ്പ്, ലിക്വിഡേഷന് ആധാരമാക്കിയ അന്വേഷണ റിപ്പോർട്ടിന്മേൽ പരാമർശിച്ചിട്ടുള്ള സംഘത്തിന് ലഭിക്കേണ്ട/ ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ട തുകകൾ, ഈടാക്കിയതിനെ സംബന്ധിച്ച വിവരങ്ങൾ, സംഘത്തിന് ഈടാക്കേണ്ട മറ്റ് തുകകൾ ഈടാക്കിയതിനെ സംബന്ധിച്ച വിവരങ്ങൾ, സർക്കാരിലേക്ക് അടയ്ക്കാനുള്ള തുകകൾ, അടച്ചത് സംബന്ധിച്ച വിവരങ്ങൾ തുടങ്ങിയ വിശദ വിവരങ്ങൾ സഹിതം സമർപ്പിക്കേണ്ടതാണ്.

Signed by
Chelsasini Varatharajan
Date: 28-07-2025 18:15:13

വിശ്വസ്തതയോടെ,

CHELSASINI V IAS
DIRECTOR OF FISHERIES
ഫിഷറീസ് ഡയറക്ടർ/ഫിഷറീസ് സഹകരണസംഘം രജിസ്ട്രാർ.

പകർപ്പ് :-

1. എല്ലാ ഫിഷറീസ് ജോയിന്റ് ഡയറക്ടർമാർ/ ഫിഷറീസ് മേഖല രജിസ്ട്രാർമാർക്കും
2. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാർക്കും, എല്ലാ ലിക്വിഡേറ്റർമാർക്കും, യൂണിറ്റ് ഇൻസ്പെക്ടർമാർക്കും
3. വെബ്സൈറ്റ്
4. സ്റ്റോക്ക് ഫയൽ/ സ്പെയർ



e No. DFTVM/2765/2025-F3 (Computer No. 90707)